(ബി) സർക്കാർ മേഖലയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ വിദഗ്ധ ചികിത്സ ലഭിക്കുന്നതിനുള്ള ആശുപത്രിയാണ് കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രി എന്നതു കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ തസ്തിക അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ്, ഫിസിഷ്യൻ തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റികൂടി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിലേക്ക് യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിൽനിന്നും കാഷ്യാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുന്ദമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തിചികിത്സ

88 (753) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഭൗതിക സൗകര്യങ്ങളുണ്ടെങ്കിലും കിടത്തി ചികിത്സ പുനഃസ്ഥാപിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവിടെ കിടത്തി ചികിത്സ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

വലിയകുന്ന് താലൂക്കാശുപത്രിയിൽ ടോമാ കെയർ

89 (754) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ടോമാ കെയർ ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത് ;

(സി) എന്നത്തേക്ക് ഇത് പ്രവർത്തനക്ഷമമാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 35.51 ലക്ഷം രൂപയുടെ പ്രവർത്തനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 35.51 ലക്ഷം രൂപ .

(സി) നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

കരങ്ങുപനി, ചെള്ളുപനി വ്യാപനം തടയൽ

90 (755) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരങ്ങുപനി, ചെള്ളുപനി എന്നിവ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത രോഗങ്ങൾ നിർണ്ണയിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ഇവ പടരാതിരിക്കുന്നതിനും ഇവയുടെ ചികിത്സയ്ക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കരങ്ങുപനി 2015-ൽ വയനാട് ജില്ലയിൽനിന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മലപ്പുറം ജില്ലയിൽനിന്ന് 2014-ൽ ഈ രോഗം റിപ്പോർട്ട് ചെയ്തു. ചെള്ളുപനി തിരുവനന്തപുരം ജില്ലയിൽനിന്നാണ് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. കൂടാതെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലും കുറച്ചു പേർക്ക് ഈ രോഗം ഉണ്ടായി. കരങ്ങുപനി സ്ഥിരീകരിക്കുന്നതിന് രക്തസാമ്പിളുകൾ മണിപ്പാലിലെ വൈറോളജി റിസർച്ച് സെന്ററിൽ അയയ്ക്കുവാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ചെള്ളുപനി സ്ഥിരീകരിക്കുവാൻ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള പബ്ലിക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ലാബുകളിലും ജനറൽ/ഡിസ്ട്രിക്ട് ഹോസ്പിറ്റൽ ലാബുകളിലും വേണ്ട സംവിധാനം ചെയ്തിട്ടുണ്ട്.

കരങ്ങുപനി ചികിത്സയ്ക്കുവേണ്ടി വയനാട്, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലും WIMS മെഡിക്കൽ കോളേജിലും ചികിത്സാ സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly